# KERALA PRIVATE COLLEGE TEACHER

15
november
1979

എ. കെ. പി. സി. ടി. എ.
പ്രവർത്തക ക്യാമ്പ്
ജനുവരിയിൽ ചരൽക്കുന്നിൽ
കൺവെൻഷൻ
ഫെബ്രുവരിയിൽ കോട്ടയത്തു്

# ആർ. രമേശൻനായരെ വിജയിപ്പിക്കുക

**പ്രൊ; ആർ. ആർ. സി. നായർ പ്രസിഡൻറ് എ. കെ. പി. സി. ടി. എ.**

കേരളാ യൂണിവേർസിററി സെനററിലേയ്ക്ക് രജിസ്റ്റേർഡ് ഗ്രാജ്വേററുകളുടെ മണ്ഡലത്തിൽ നിന്നുള്ള തെരഞ്ഞെടുപ്പ് ഉടനേ നടക്കാൻ പോവുകയാണ്. എ. കെ. പി. സി. ടി. എ. യുടെ സ്ഥാനാർത്ഥിയായി മത്സരിക്കുന്ന ശ്രീ. ആർ. രമേശൻ നായരെ വിജയിപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു.

കോളേജ് സർവീസിൽ പ്രവേശിച്ച 1968 മുതൽ എ കെ. പി. സി. ടി. എ. യിൽ സജീവമായി പ്രവർത്തിച്ചുവരുന്ന ഒരധ്യാപകനാണ് ശ്രീ. രമേശൻനായർ. അതുകൊണ്ടുതന്നെ എൻ. എസ്. എസ്. മാനേജുമെൻറിൻെറ അപ്രീതിക്കിരയായി ശിക്ഷിക്കപ്പെട്ട് നാട്ടിൽ നിന്നും അകലെ ജോലിചെയ്തു വരികയാണ് (ഒററപ്പാലം എൻ. എസ്. എസ്. കോളേജ്). ബാലററ് പേപ്പറിൽ അദ്ദേഹത്തിൻെറ മേൽവിലാസം താഴെ കൊടുത്തിരിക്കുന്ന വിധത്തിലായിരിക്കും.

'രമേശൻനായർ, ആർ.
തോപ്പുവിളഹൗസ്
കല്ലറ. പി, ഒ,
തിരുവനന്തപുരം ജില്ല

ഇത്തവണ, കുറഞ്ഞത് എണ്ണൂറ് ഫസ്ററ് വോട്ടെങ്കിലും നേടിയാൽ മാത്രമേ സെനററിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ സാധ്യതയുള്ളൂ. എ. കെ. പി. സി. ടി. എ അംഗങ്ങളുടേയും അവരുടെ സ്വാധീനത്തിലുള്ള മററാളുകളുടേയും വോട്ടുകൾ ശേഖരിക്കാൻ കഴിഞ്ഞാൽ നമ്മെ സംബന്ധിച്ചിടത്തോളം ഇത്ര പ്രയാസമുള്ള കാര്യമല്ല. ഈ മണ്ഡലത്തിൽ പോസ്ററൽ ബാലററാണെന്ന കാര്യം ഓർക്കുമല്ലോ. എല്ലാ സ്വാധീനവും പിടിമുറുക്കുന്ന ഒരു രംഗമാണ് രജിസ്റ്റേർഡ് ഗ്രാജ്വേററുകളുടെ മണ്ഡലം. അതുകൊണ്ട് നമ്മുടെ സ്ഥാനാർത്ഥിക്കുവേണ്ടി പരമാവധി വോട്ടുകൾ സമാഹരിക്കാൻ ഇപ്പോഴേ ശ്രദ്ധിച്ചു പ്രവർത്തിക്കുക.

രജിസ്റ്റേർഡ് ഗ്രാജ്വേററു മണ്ഡലത്തിൽ നിന്ന് നമ്മുടെ ഏക സ്ഥാനാർത്ഥിയായ ശ്രീ. ആർ. രമേശൻ നായരുടെ വിജയത്തിനുവേണ്ടി എല്ലാ അംഗങ്ങളും സജീവമായി രംഗത്തിറങ്ങണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

---

**KERALA PRIVATE COLLEGE TEACHER**

(monthly journal of a. k. p. c. t. a)

Annual Subscription. Rs 5
Single Copy 50 nP.

*in this issue*

- Orientation of teachers movement
- Unite to fight curtailment of education
- working Committee Decisions
- Government order
- A K P C T A News & Notes

editorial board
r. r. c. nair
v. narayanankutty
m. r. chandrasekharan
k. c chacko
n. j. jacob
v. n. murali
(chief editor)

# ഡിസംബർ 5 ൻെറ സൂചനാ പണിമുടക്ക് വിജയിപ്പിക്കുക

ഗവൺമെൻറു കാണിച്ച വഞ്ചനയിൽ പ്രതിഷേധിച്ച്, സംയുക്ത സമരസമിതി ആഹ്വാനം ചെയ്തിട്ടുള്ള ഡിസംബർ 5ൻെറ സൂചനാ പണിമുടക്ക് വമ്പിച്ച വിജയമാക്കാൻ രംഗത്തിറങ്ങുക. ശമ്പളപരിഷ്കരണത്തിലെ അപാകതകൾ ഉടൻ പരിഹരിക്കുന്നതാണെന്ന് ഉറപ്പുതന്നെ സർക്കാർ ഇതുവരേയും അക്കാര്യത്തിൽ ഒന്നും തന്നെ ചെയ്തിട്ടില്ല. ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകരോട് ചന്ദ്രഭാനു കമ്മീഷൻ കാണിച്ച ക്രൂരത എത്രയും പെട്ടെന്നുതന്നെ തിരുത്തികിട്ടേണ്ടതുണ്ട്. കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളായി ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകർ അനുഭവിച്ചു കൊണ്ടിരുന്ന ആനുകൂല്യങ്ങളാണ് 'പേ'ക്കമ്മീഷൻ വെട്ടിക്കുറച്ചത്. അതുപോലെതന്നെ ഏറെക്കാലമായി അസോസിയേഷൻ ഉന്നയിയ്ക്കുന്ന ഒരാവശ്യമാണ് ജൂനിയർ ലക്ചറർ സർവ്വീസ് കൂടി നോൺ-കേഡർ പ്രൊഫസർ ഷിപ്പിന് പരിഗണിക്കണമെന്നുള്ളത്. അതുശമ്പളക്കമ്മീഷൻ അവഗണിച്ചു. ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുമ്പോൾ ഇക്കാര്യം നടക്കുമെന്നുതന്നെയാണ് അസോസിയേഷൻെറ വിശ്വാസം. ചന്ദ്രഭാനുക്കമ്മീഷൻ പരിഗണിക്കാതിരുന്ന മറെറാരു പ്രശ്നമാണ് നോൺകേഡർ ഫസ്ററ് ഗ്രേഡ് പ്രൊഫസർഷിപ്പിൻേറത്. ഒരധ്യാപകൻെറ സേവനകാലത്ത് കുറഞ്ഞത് രണ്ടു പ്രമോഷനെങ്കിലും ലഭിക്കേണ്ടതാണെന്ന തത്ത്വം നടപ്പിൽ വരണമെങ്കിൽ നോൺകേഡർ ഫസ്ററ്ഗ്രേഡ് പ്രൊഫസർഷിപ്പ് അനുവദിക്കേണ്ടതുണ്ട്.

യു. ജി. സി സ്കെയിൽ നടപ്പിലാക്കുന്നതു സംബന്ധിച്ച ചർച്ചകൾ എത്രയും പെട്ടെന്നുതന്നെ ആരംഭിക്കാമെന്നതായിരുന്നു ഒത്തു തീർപ്പു വ്യവസ്ഥകളിലെ മറെറാരു പ്രധാനപ്പെട്ട ഇനം. യു. ജി സി. സ്കെയിൽ കേരളത്തിൽ പററില്ല എന്നുറപ്പിച്ചു പറഞ്ഞിരുന്ന സർക്കാരിന് നമ്മുടെ സംഘടിത മുന്നേററങ്ങളുടെ മുമ്പിൽ നയം മാറേറണ്ടി വന്നു. ചർച്ചയാകാം എന്നിടംവരെയായി. പക്ഷേ ഇനിയും നമ്മൾ പണിമുടക്കുനടത്തിയാലേ ചർച്ച നടത്തൂ എന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

കരിനിയമങ്ങൾ മാററുന്നതിനെപ്പററി ചർച്ച ചെയ്യാമെന്ന ഉറപ്പും സർക്കാർ രേഖാമൂലം നമുക്കുതന്നിരുന്നു. കെ. എസ്. ആർ-ലെ 14A യും, കെ. ഇ. ആർ. ,യൂണിവേർസിററി ആക്ട് എന്നിവയിലെ സമാന ഭേദഗതികളും ജീവനക്കാരുടെ നേർക്കുള്ള ഏററവും വലിയ ഭീഷണിയാണ്. ഒരു ദിവസത്തെപ്പണിമുടക്കിന് രണ്ടുമാസ ശമ്പളം തടയാമെന്ന യൂണിവേർസിററി നിയമ ഭേദഗതി ലോകത്തു മറെറങ്ങും കേട്ടുകേൾവിപോലും ഇല്ലാത്തതാണല്ലോ.

ഡിസംബർ 5ൻെറ പണിമുടക്ക് ഒരു സൂചന മാത്രമാണ്. സർക്കാർ രേഖാമൂലം തന്ന ഉറപ്പുകൾ പാലിക്കാതെ പുറകോട്ടുമാറുകയാണെങ്കിൽ ഒരു അനിശ്ചിതകാലപണിമുടക്കായിരിക്കും ഇവിടെ ഉണ്ടാവുക. അതിൽനിന്നുണ്ടാകുന്ന സകലകുഴപ്പങ്ങൾക്കും ഉത്തരവാദിത്വം സർക്കാരിനുതന്നെ ആയിരിക്കും.

കേരളത്തിലെ നാലരലക്ഷത്തോളം വരുന്ന ജീവനക്കാരുടെ പ്രതിഷേധം ആഞ്ഞടിക്കുന്ന ഡിസംബർ 5ൻെറ പണിമുടക്ക് കോളേജുകളിൽ വിജയപ്രദമാക്കാൻ ഇപ്പോഴേ പരിശ്രമിക്കുക.

# എ. കെ. പി. സി. ടി. എ. വിജയം

കോഴിക്കോട് യൂണിവേഴ്സിററി സെനററിലേയ്ക്കും, കേരളയൂണിവേഴ്സിററി സെനററ് അക്കാദമിക് കൗൺസിൽ എന്നിവകളിലേയ്ക്കും നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ എ കെ. പി. സി. ടി. എ. അഭിമാനാർഹമായ വിജയം നേടിയിരിക്കുന്നു. പ്രൈവററ് കോളേജധ്യാപകരംഗത്തു് സംഘടിത രൂപവും ശക്തിയും എ. കെ. പി. സി.ടി. എ. യ്ക്കു മാത്രമേ ഉള്ളൂ എന്ന് ഈ തെരഞ്ഞെടുപ്പ് തെളിയിച്ചിരിക്കയാണ്.

കോഴിക്കോട് യൂണിവേഴ്സിററി സെനററിൽ പ്രൈവററ്കോളേജധ്യാപകമണ്ഡലത്തിൽ ആകെയുള്ള പതിനാറുസീററുകളിൽ പത്തിലും എ കെ. പി. സി. ടി എ വിജയിച്ചു. പ്രിൻസിപ്പലൻമാരുടെ മണ്ഡലത്തിൽ നിന്നും മറെറാരു വിജയവും സംഘടനയ്ക്കുകിട്ടി. കേരളായൂണിവേഴ്സിററി സെനററിലേയ്ക്ക് സംഘടനയുടെ ഏഴുസ്ഥാനാർത്ഥികളാണ് വിജയിച്ചത്. ; അക്കാദമിക് കൗൺസിലിലേയ്ക്ക് ഒൻപതും.

ഈ വിജയങ്ങളെല്ലാം യൂണിവേഴ്സിററി തലങ്ങളിൽ എ. കെ. പി. സി. ടി. എ നടത്തിപ്പോരുന്ന പോരാട്ടങ്ങൾക്കു് ശക്തി പകരുന്നുണ്ട്. അധ്യാപകതാല്പര്യം സംരക്ഷിക്കാനായി യൂണിവേഴ്സിററി ബോഡികളിൽ കാര്യമായിട്ടെന്തെങ്കിലും പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുള്ളത് നമുക്കു മാത്രമാണല്ലോ. അതുപോലെ ഉന്നതവിദ്യാഭ്യാസരംഗത്ത് കാലാനുസൃതമായ മാററങ്ങൾക്കുവേണ്ടി വാദിക്കാനും നമുക്കുകഴിഞ്ഞിട്ടുണ്ട്. യൂണിവേഴ്സിററിയുടെ പ്രവർത്തനശൈലിയിൽ ജനാധിപത്യം സ്ഥാപിച്ചെടുക്കുന്നതിന് അസോസിയേഷൻ വഹിച്ചപങ്കും ചെറുതല്ല. 'ഞാനാണ് യൂണിവേഴ്സിററി' എന്നുഭാവിച്ചു നടന്ന ചില മല്ലൻമാരുടെ സ്വേച്ഛാധിപത്യ പ്രവർത്തനങ്ങൾ യൂണിവേഴ്സിററിയെ അടക്കിഭരിച്ചിരുന്ന കാലം നമുക്കറിയാം. വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങളായിരുന്നു ഉന്നതവിദ്യാഭ്യാസത്തിൻെറ ഗതിവിഗതികൾ അന്നുനിയന്ത്രിച്ചിരുന്നത്. ഇന്നത് ഒരു പരിധിവരെയെങ്കിലും മാററിയെടുക്കാൻ കഴിഞ്ഞത് നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ടുകൂടിയാണ്. യൂണിവേഴ്സിററിയെ സ്വാധീനിച്ച് അവിഹിതമാർഗ്ഗങ്ങളിലൂടെ നേട്ടമുണ്ടാക്കിയിരുന്ന മാനേജരൻമാർക്ക് പണ്ടത്തെപ്പോലെ വിഹരിക്കാൻ ഇന്നു കഴിയാത്തതും നമ്മുടെ ജാഗ്രതകൊണ്ടുതന്നെ. ഇത്തരത്തിൽ യൂണിവേഴ്സിററി ബോഡികളിൽ നമ്മൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ ഈ തെരഞ്ഞെടുപ്പിലൂടെ വീണ്ടും അവസരം ലഭിച്ചിരിക്കയാണ്.

നമുക്കുലഭിച്ച വിജയത്തിൽ ആഭിമാനിക്കുന്നതോടൊപ്പം, ഇതിലും വലിയവിജയം നേടാവുന്നതായിരുന്നില്ലേ എന്നും ചിന്തിക്കേണ്ടതുണ്ട്. സംഘടനയ്ക്കെതിരേ സ്ഥാനാർത്ഥികളായിരംഗപ്രവേശം ചെയ്ത പല സ്വാർത്ഥമോഹികളേയും തുറന്നുകാട്ടുന്നതിൽ നാം വേണ്ടത്ര വിജയിച്ചുവോ? സംഘടനയിലൂടെ നേടിയെടുത്ത പ്രശസ്തി സ്വന്തം പ്രശസ്തിയായി തെററിദ്ധരിച്ച്, സ്വതന്ത്രവേഷം കെട്ടിയിറങ്ങിയ ചില നേതൃമ്മന്യൻമാരെ അധ്യാപകസമൂഹം തോല്പിച്ചുവെന്നത് ശരിതന്നെ. പക്ഷേ മാനേജരൻമാരുടെ താല്പര്യം സംരക്ഷിക്കാനായി സ്ഥാനാർത്ഥികളായ ചില 'കോടാലികൾ'അധ്യാപകരെതെററിദ്ധരിപ്പിച്ച് വോട്ടുവാങ്ങിയിട്ടുണ്ട്. അധ്യാപകരെ തോന്നിയതു പോലെ സ്ഥലം മാററാനും തോന്നുമ്പോൾ ശിക്ഷിക്കാനും മാനേജർക്കു ചൂട്ടുപിടിച്ചുകൊടുക്കുന്നവരാണിവർ എന്ന യാഥാർത്ഥ്യം അധ്യാപകർക്കു ബോധ്യപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. ജാതി പറഞ്ഞും മതം പറഞ്ഞും, മാനേജരെക്കൊണ്ട് സ്ഥലം മാററഭീഷണി പുറപ്പെടുവിച്ചും വോട്ടുവാങ്ങുന്ന ഇവർ അധ്യാപകവർഗ്ഗത്തിനാകമാനം അപമാനമാണ്.

ഇത്തരം പ്രതിസന്ധികളുണ്ടായിരുന്നിട്ടും, ഈ തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. യുടെ വിജയത്തിനുവേണ്ടി അക്ഷീണം പണിയെടുക്കുകയും, വമ്പിച്ച വിജയം നേടി അസോസിയേഷൻെറ കൊടി ഉയർത്തിക്കെട്ടുകയും ചെയ്ത എല്ലാ അധ്യാപകർക്കും അഭിനന്ദനങ്ങൾ.

# കാലിക്കട്ട് യൂണിവേഴ്സിററി

## സെനററ് — എ. കെ. പി. സി. ടി. എ. വിജയികൾ

1 എ. കെ. രാഘവൻനമ്പ്യാർ, പയ്യന്നൂർ കോളേജ്
2 വി. കെ. രവീന്ദ്രനാഥ്, മലബാർ കൃസ്ത്യൻ കോളേജ്, കോഴിക്കോട്
3 വി. നാരായണൻകുട്ടി, ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്
4 ടി. അബ്ദുറഹ്മാൻ അസീസ്, എം. ഇ. എസ്. കോളേജ്, മമ്പാട്
5 പി. കെ. ടി. രാജാ, കേരളവർമ്മകോളേജ്, തൃശൂർ
6 ജോർജ് മേനാച്ചേരി, സെൻറ് തോമസ് കോളേജ്, തൃശൂർ
7 പി. ഗോപാലകൃഷ്ണൻനായർ, ശ്രീകൃഷ്ണാ കോളേജ്, ഗുരുവായൂർ
8 ആർ ആർ സി. നായർ, എൻ. എസ്. എസ്. കോളേജ്, ഒററപ്പാലം
9 കെ. സുകുമാരൻനായർ, എൻ. എസ്. എസ്. കോളേജ്, നെമ്മാറ
10 എൻ. ശിവരാജൻ, എസ്. എൻ. കോളേജ്, നാട്ടിക
11 പ്രൊ: സി. കെ. നാരായണൻ, നെഹ്റു കോളേജ്, കാഞ്ഞങ്ങാട്

# കേരള യൂണിവേഴ്സിററി

## സെനററ്—എ. കെ. പി. സി. ടി. എ. വിജയികൾ

1 ടി. എം. ജോസഫ്, സെൻറ് തോമസ്കോളേജ്, കോഴഞ്ചേരി
2 കെ. സി. ചാക്കോ സി. എം. എസ്. കോളേജ്, കോട്ടയം
3 എൻ. എം. ജോസഫ്, സെൻറ്തോമസ് കോളേജ്, പാലാ
4 ആൻറണി ഐസക്, സെൻറ് പാംസ് കോളേജ്, കളമശ്ശേരി
5 പി രവീന്ദ്രനാഥ്, എൻ എസ്. എസ്. കോളേജ്, നിലമേൽ
6 ടി. ഗോപാലകൃഷ്ണൻ, എസ്. എൻ. കോളേജ്, ചേർത്തല
7 പി. നരേന്ദ്രൻ, എൻ. എസ് എസ്. കോളേജ്, ചേർത്തല

# അക്കാദമിക് കൗൺസിൽ

| | |
|---|---|
| 1 ഇംഗ്ലീഷ് | : തോമസ്നൈനാൻ, ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര |
| 2 ഹിന്ദി | : വി. രാഘവൻപിള്ള, എസ്സ്. എസ്സ്. കോളേജ്, കാലടി |
| 3 സുവോളജി | : വി. കെ. ഭാസ്കരൻനായർ, എൻ. എസ്. എസ്. കോളേജ്, പന്തളം |
| 4 ഇക്കോണമിക്സ് | : പി. എ. തോമസ്, മാർത്തോമ കോളേജ് തിരുവല്ല |
| 5 പൊളിററിക്സ് | : വി. സുകുമാരൻനായർ, എം. എസ്. എം. കോളേജ്, കായംകുളം |
| 6 കോമേഴ്സ് | : ജോസ്പോൾ, സെൻറ് ആൽബർട്ടസ് കോളേജ്, എറണാകുളം |
| 7 സോഷ്യോളജി | : സി. ജെ. മാത്യു, ലയോളാകോളേജ്, തിരുവനന്തപുരം |
| 8 മാത്തമററിക്സ് | : സി. എൻ. പരമേശ്വരൻനായർ, ഡി ബി കോളേജ്, ശാസ്താംകോട്ട |
| 9 സ്ററാററിസ്ററിക്സ് | : കെ. രാമകൃഷ്ണപിള്ള, സെൻറ്തോമസ് കോളേജ്, പാലാ |

# Orientation of Teachers' Movement

**Amiya Desgupta**
Gen. Secretary, AIFUCTO

Teachers' movement in our country till now is predominantly trade union oriented and it is rightly so. Though generally in India we do not use the term 'Trade Union'. with the activities and functions of Teachers' Organisation- a sort of psychological resistance to the use of the term is still there—what Teachers' organisation mainly do are in essence trade union activities fighting for better emoluments and service conditions against victimisation, for democratisation of management etc. etc. In course of the last two decades, specially during the last 10/15 years, teacher' movement and organisations have grown tremendously throughout India, covering all sectors of teachers, with increasing sweep and militancy. This was possible because throughout India heroic battles were fought by thousands of teachers against abnormally low pay, sub-normal service condition and undemocratic management. It is through these struggles that teachers' Organisations grew into mighty mass Organisations uniting under their banner hundreds and thousands of teachers of different shades of opinion.

To-day we can confidently say, that this is true in India for all sectors of teachers - primary, secondary, college and University—not only at the state level but also at the national level, though there might be some difference in degree of unity achieved in different sectors.

So this trade union activity has played a very vital role in building Indian teachers' movement and teachers' organisations in the past, it will continue to play an important part in future also. Any attempt to minimise the role will be wrong, it is just not merely a movement to better economic condition by sections of people—it is a movement which unites 3 million Indian teachers, who come mostly from the working people and lower middle classes, in mighty mass organisations thus building an important component in the battle for democracy and social advance in India.

But while fully realising the great importance of this trade union orientation and tasks of the teachers movement, we have to sharply raise the question-is it the sole task or even the overwhelmingly dominant task of teachers' movement to the practical exclusion of other tasks? To this question the answer is an emphatic 'No'. Teachers' movement have other important tasks to perform also. These are (1) academic tasks (2) ideological political tasks (3) national-international tasks. About all these tasks till, now there has been inadequate realisation and performance.

**Academic Tasks :**

Academic tasks include apart from continuous efforts to improve the quality

of teaching imparted to students, persistent fight for having a scientific and democratic system of education with progressive national democratic content, through intervention by the teachers' organisation in the formulations of curricula and syllabi, and preparation of proper text books. This also includes study and research into the economic, social and professional situations of teachers, as well as their struggles, their demands and the pedagogic and scientific problems of education.

Now, so long, how far have we intervened in this direction? Our intervention, till now, is generally limited to passing resolutions at Conference demanding a national democratic and scienfific system of education, and suggesting some principles e.g. our text books should be free of casteist, communalist bias and should say something about freedom struggle, we should oppose neo-colonialist penetration in the educational life of our country, our education should be production oriented etc. etc But beyond this we have not concretised our demands. Recently AIFUCTO, in its different memoranda submitted to Government, has been demanding teachers organisations' active co-operation should be sought by the Governments at different level, in formulating the content, curricula and syllabi of education, and in these vital matters teachers should just not be objects of decisions arrived at by Government official and 'experts' elsewhere. It is with this view in mind that AIFUCTO has demanded representation of national teachers' organisation in CABE and AIFUCTO'S representation in U. G C.

This is of course a good modest beginning, but in the context of a strongly negative attitude of the authorities towards these demands, how far have we planned to build a movement on these issues? Or how far has this consciousness percolated to the ranks of the organised teacher's movement, that we should launch struggles for the fulfilment of these demands just as we launched struggles on the issue of pay scales? It has to be frankly stated, that till now the response of the issues from masses of teachers and even leadership of teachers' movement is inadequate, though it is absolutely correct to state that teachers' struggles for democratising the content of education is as important as their struggle for better service conditions. There is another very important aspect of this matter. Simultaneously with carrying on our movement demanding to the Central and State Governments association of teachers' organisations in the task of determining the content of educational state level teachers' associations can set up subject-wise teams or sub-committees to go into the prescribed syallbi text book etc , and suggest concrete changes and if necessary alternative syllabi etc. At the national level, national teachers' organisations can similarly set up teams to go into the question of formation of national policy on education.

This is a very important task which I should strongly recommend for acceptance by teachers' organisations. There is no dearth of talented elements amongst us for this purpose and their services have to be properly mobilised So, side by side with our movement demanding proper representation of teachers' organisation in

academic bodies set up by the Government. If we can proceed in this direction and correctly intervene, even the most recalcitrant governments-state or central-may be forced to change their negative stand in the matter.

## Ideological–Political Tasks

Teachers' organisations have important ideological–political tasks to perform. To–day in India in the context of growing offensive of casteist, communalist and and regional disrupsionist forces,–this task has assumed increasing importance India's nationally accepted ideals of democracy and secularism which became a part and parcel of the deep conscioususness of Indian people during the struggle for independence — are to–day under fierce attack from the communal casteist reactionary vested interest; and unfortunately a section of teachers and students also are influenced by pernicious antidemocratic ideologies. In this context it is an important task of teachers' organisations to resist this offensive and carry on a sustained ideological compaigm in different forms amongst teachers and students in favour of our nationally accepted ideals. In certain parts of india the situation is really desperate, and alarming, and the teachers' movement and organisations cannot afford to remain passive in this matter.

Similary in the international sphere, there are the burning questions of oppositions to nuclear war, fascism, racism apartheid and neo–colonialist offensive or direct imperialist aggression in a number of the developing countries and support to and solidarity with the liberation struggle of a number of countries On all these issues, teachers' movement must be frankly partisan and not take a passive or neutralist stand on the plea that teachers' organisation are merely professional bodies dealing with problems concerning the teaching profession and nothing else. That would be absolutely wrong and will reduce teachers' organisations to narrow craft bodies. So Indian teachers movement has to unequivocally accept the position that they have important ideological–political tasks to perform both in the national and international sphere.

It should not, however be forgotten that while there can be question of neutrality on behalf of a teachers organisation, on the broad issues of fight against imperialism, fascism, racism, social and economic exploitation etc., teachers' organisanisations have to maintain their broad united character and must not be handmaids of any political party and group of parties. **Its 'politics' must be irrespective of party affiliation, and as a mass organisation of teachers it should not try to advocate any political position, on which there is difference among democratic forces. That will split the teachers' movement and must be avoided.**

## Fighting Illiteracy

In addition to the ideological political task statedabove, a very important task of teachers movement in our countsy is to conduct extensive-illiteracy drive amongst the masses of workers and peasants in collaboration with the students. This is a task which is very important and

which the teachers' organisations are unfortunatdy badly neglecting It should be understood that in a developing country like ours, with its colonial past and vast backlog of illiteracy end cultural backwardness, teachers' organisations, representing very important sections of intelligentsia, have a special role to play in this all important activity. It should also be remembered that the masses of illiterates in our country are the most exploited sections in society and the anti-illiteracy movement, properly conducted, has a deep democratic significances. So the continuing apathy of teachers' organisations on the vital matter should go.

I have stated above the broad tasks of teachers' movement, but these different tasks are not isolated fragmental ones-they together constitute an integral whole, and a proper orientation of teachers movement will be achieved only through simultaneous performance of these tasks. In this connection a few points should be stressed.

Firstly, there are two distinctly different and opposing oriontations in the International teachers' movement of to-day which have naturally their reflection in the national sphere. One strongly held view is that teachers' organisations are merely professional organisations-these will deal only with pedagogic, acadamic problems, and issues concerning service conditions of teachers. They should have nothing to do with politics and should be strictly neutral, in matters, concerning politics. Of course, if there is any attack on service conditions, or professional rights teachers' organisations will have to defend the interest of teachers, but they must not go beyond that. The other view which has been stated earlier is that teachers organisation & teachers' movement must not be purely professional and a political: it has manifold responsibilities and tasks-trade union, academic, professional, ideological-political etc

The latter view is increasingly gaining ground in the international teachers' movement, as well as in our country. It is being increasingly realised that teachers' movement and teachers' organisations have their responsibility towards society and the common peopie. Further, in order even to achieve their own sectional demands, teachers have an interest in uniting with other workers and securing relations of alliance and unity with them. Again teachers' organisation, on their part, will have to support the activities of the workers and people for the establishment of equitable economic relations based on justice, for putting an end to the exploitation of the resources of the developing countries by multi-national corporations. As stated above, Indian teachers' movement is increasingly accepting this correct orintation of teachers' movement, but this consciousness must go deep down amongst the masses of teachers, and for that active elforts have to be made by the leadership of teachers' movement through holding seminars conventions etc.

Secondly, though there will naturally be debates and even ideological confronation between the advocates of the two opposing trends, these must be conducted in a friendly manner, through constructive dialogues And it must not be forgotten for a moment that in spite of this sharp difference in teachers' movement based on differing ideological ori-

entation, there is a big measure of agreement in the entire teachers' movement of the world, which provides very good basis for unity of action on a wide scale both internationally and nationally 'All Teachers' organisations are confonted with common problems, defence of the material and moral interests of their members, democratising and advancing education and resolving profesaional and pedagoginal problems' (Quotations-from a FISE Document). In the internatianal field already there have been some common moves by the World Federation of Teachers Unions (FISE' with which AIFUCTO & its Constituents are affiliated) and the WCOTP and happily this is a growing phenomena.

In India the problem of unity of Indian Teachers' movement has assumed very great importance to-day and there is objective basis for that.

At the last conference of AIFUCTO it was decided that AIFUCTO should take the initiative in contacting national teachers' organisations of other sectors, so that a national conference can be convened at the earliest possible date, to prepare a common charter of demands of Indian teachers, on the basis of which a common movement may be built up AIFUCTO has already contacted these national bodies and the recent anti teacher offensive by the Central Government in the shade of the 'Hospital and Educational Institutiont Bill—1978' has already given a new spurt to the unity of action of Indian teachers of different sectors. In a number of states joint Federation or confederation of State level teachers' organisations have been formed and in the context of fhe offensive of the vested interest this trend will further grow.

"From unity of action to unity" with this perspective Indian teachers' movement has to proceed, and all efforts should be made by all of us to bring about this happy culmination: co-operation, unity and soiidarity-let this be the watch-word of Indian teachers' movement.

(AIFUCTO Souvenir '79)


എ. കെ. പി. സി. ടി. എ.

## പതിനൊന്നാം കൺവെൻഷൻ കോട്ടയത്തു്

കൺവെൻഷനോടനുബന്ധിച്ചു്

## പ്രസിദ്ധീകരിക്കുന്ന സോവനീറിൽ

# പരസ്യങ്ങൾ ചേർക്കാൻ ആഗ്രഹിക്കുന്നവർ

എഴുതുക

പ്രൊ: കെ. സി. ചാക്കോ

ജനറൽ കൺവീനർ

എ. കെ. പി. സി. ടി. എ. പതിനൊന്നാം കൺവെൻഷൻ

സി. എം. എസ്. കോളേജ്, കോട്ടയം

# വർക്കിംഗ് കമ്മിററി തീരുമാനങ്ങൾ

## സേവനസ്ഥിരത ഉറപ്പുചെയ്യണം

പ്രൈവററ് കോളേജധ്യാപകർ നടത്തിയ നിരവധി സമരങ്ങളിലൂടെ നേടിയെടുത്ത ആനുകൂല്യങ്ങൾ പലതും കോടതിവിധിയിലൂടെ നഷ്ടപ്പെടുന്നുവെന്നത് ഉൽക്കണ്ഠ ഉളവാക്കുന്ന ഒന്നാണ്. ലില്ലികുര്യൻ കേസ്സിൽ അടുത്ത കാലത്തുണ്ടായിരിക്കുന്ന വിധിനോക്കുക. മതന്യൂനപക്ഷങ്ങൾ മാനേജുമെൻറുകളായുള്ള കോളേജുകളിലെ അധ്യാപകർക്കെതിരേ ശിക്ഷണ നടപടിയുണ്ടായാൽ അപ്പലേററ് ട്രൈബ്യൂണലിന് അതിലിടപെടാൻ അവകാശമില്ലെന്നാണ് വിധി. ഭരണഘടനയിലെ ആർട്ടിക്കിൾ 30.1ന് കോടതി നൽകുന്ന വ്യാഖ്യാനത്തിനത്തിൻെറ അടിസ്ഥാനത്തിലാണ് ഈ വിധി ഉണ്ടായിരിക്കുന്നത്.

## ലില്ലികുര്യൻ കേസ്

ശ്രീമതി ലില്ലികുരൻ 1947 മുതൽ എറണാകുളത്തെ സെൻറ്ജോസഫ് വനിതാ ട്രെയിനിംഗ് കോളേജിൽ പ്രിൻസിപ്പലായിരുന്നു. 1970-ൽ മാനേജുമെൻറ് ചില ആരോപണങ്ങളൊക്കെകെട്ടിച്ചമച്ചുണ്ടാക്കി അവരെ സസ്പെൻറുചെയ്തു. തുടർന്ന് പിരിച്ചുവിട്ടു. മാനേജുമെൻറിൻെറ ക്രൂരമായ ഈ നടപടിക്കെതിരേ ശ്രീമതി ലില്ലികുര്യൻ, അപ്പലേററ് അതോറിററിയായ വൈസ്ചാൻസ്ലർക്കും, യൂണിവേർസിററി അപ്പലേററ് ട്രൈബ്യൂണലിനും പരാതികൊടുത്തു. മാനേജുമെൻറിൻെറ നടപടി ശരിയല്ലെന്നും ശ്രീമതി ലില്ലികുര്യനെ തിരിച്ചെടുക്കണമെന്നും രണ്ടിടത്തുനിന്നും വിധിയുണ്ടായി. എന്നാൽ മാനേജുമെൻറ് ആ വിധിയെമാനിക്കാതെ നേരേ കോടതിയിലേയ്ക്കു പോവുകയായിരുന്നു. ഭരണഘടനയിലെ ആർട്ടിക്കിൾ 30.1 ൻെറ സംരക്ഷണം ഞങ്ങൾക്കുള്ളതുകൊണ്ട് വൈസ് ചാൻസ്ലർക്കും, അപ്പലേററ് ട്രൈബ്യൂണലിനും ഇക്കാര്യത്തിലിടപെടാൻ അവകാശമില്ലെന്നു് അവർ വാദിച്ചു. ഹൈക്കോടതിയും സുപ്രീം കോടതിയും, വൈസ്ചാൻസലർക്കു് ഇടപെടാൻ അവകാശമില്ലെന്ന മാനേജമെൻറിൻെറ വാദം നേരത്തെ അംഗീകരിക്കുകയാണുണ്ടായത്. ഇപ്പോഴിതാ അപ്പലേററ് ട്രൈബ്യൂണലിനും അവകാശമില്ലെന്ന് ഹൈക്കോടതി വിധിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിലാണ് ഒക്ടോബർ 13 ന് എറണാകുളത്തു കൂടിയ വർക്കിംഗ് കമ്മിററി വിശദമായ ചർച്ചകൾ നടത്തിയത്. മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്ക് ആരും എതിരല്ല. എന്നാൽ അധ്യാപകരെക്രൂശിക്കാൻ അതുപയോഗിക്കുന്നത് തടയേണ്ടതാണ്. ന്യൂനപക്ഷമതങ്ങളിൽപ്പെട്ട അധ്യാപകരെത്തന്നെയാണ് മാനേജുമെൻറ് ന്യൂനപക്ഷ താൽപര്യങ്ങളുടെ പേരുപറഞ്ഞ് ശിക്ഷിയ്ക്കുന്നത്! മാനേജമെൻറിൻെറ കടന്നാക്രമണങ്ങളിൽ നിന്നും അധ്യാപകരെ സംരക്ഷിക്കുന്നതിനായി നിരവധി പോരാട്ടങ്ങളിലൂടെ നേടിയെടുത്തിട്ടുള്ള നിയമപരമായ സേവന വ്യവസ്ഥകൾ നിലനിർത്തണം. ഇതിനായി സർവ്വകലാശാലാ നിയമം ഭേദഗതി ചെയ്ത് ഭരണഘടനയുടെ ഒമ്പതാംപട്ടികയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര-കേരള ഗവൺമെൻറുകളോട് വർക്കിംഗ് കമ്മിററി അഭ്യർത്ഥിച്ചു.

## താറുമാറായ ഷിഫ്ററ്

ഗവൺമെൻറിൻെറ കഴിവുകേട് കേരളത്തിലെ കോളേജുവിദ്യാഭ്യാസം കുറേകൂടി കുഴപ്പത്തിലാക്കിയിരിക്കുന്നു. വേണ്ടത്ര അധ്യാപകരേയും അനധ്യാപകരേയും നിയമിക്കുമെന്നും, സൗകര്യങ്ങൾ മെച്ചപ്പെടുത്തുമെന്നും ഷിഫ്ററ് ആരംഭിക്കുമ്പോൾത്തന്നെ ഗവൺമെൻറ് ഉറപ്പ് നല്കിയിരുന്നു. പക്ഷേ അതെന്നും പാലിക്കപ്പെട്ടില്ല. ഫലമോ? ഷിഫ്ററു സമ്പ്രദായം ആകെ താറുമാറായി.

സാധാരണ ക്ലാസ്സുകൾക്കും ഷിഫ്ററിനും വെവ്വേറെ അധ്യാപകരെ നിയമിക്കണ

മെന്ന് വർക്കിംഗ് കമ്മററി ഗവൺമെൻറിനോട് ആവശ്യപ്പെട്ടു

## ലീവ്സറണ്ടർ ആനുകൂല്യം

കേന്ദ്രീകൃതവാലേഷൻ ആരംഭിച്ചപ്പോൾത്തന്നെ, ഇതുമൂലം അധ്യാപകർക്കുണ്ടാകുന്ന അസൗകര്യങ്ങൾ പരിഹരിച്ചു കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു അസോസിയേഷൻ സർക്കാരിനും യൂണിവേർസിററിയ്ക്കും നിവേദനം സമർപ്പിച്ചിരുന്നു. അതിൽ പ്രധാനമായ ഒന്നാണ് ലീവ് സറണ്ടർ ആനുകൂല്യം. അവകാശപ്പെട്ട വെക്കേഷൻ നഷ്ടപ്പെടുന്നതുകൊണ്ട് ഈ ആനുകൂല്യം അനുവദിക്കണമെന്ന് വാലേഷൻ കേന്ദ്രങ്ങളിലെ അധ്യാപകർ കൂട്ടനിവേദനവും നടത്തി. എന്നാൽ ഇതുവരേയും ഈ ആവശ്യം അംഗീകരിക്കാൻ സർക്കാർ തയാറായിട്ടില്ല. ഇതു നേടിയെടുക്കുന്നതിനുവേണ്ടി കേസ്സു കൊടുക്കുവാൻ വർക്കിംഗ് കമ്മിററി തീരുമാനിച്ചു.

## ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കണം

ജീവനക്കാരുടെ സംഘടിതസമരം ഒഴിവാക്കാൻ ഗവൺമെൻറ് രേഖാമൂലം നൽകിയ ഉറപ്പുകൾ ഉടൻതന്നെ നടപ്പിലാക്കണം. ഈ പ്രശ്നത്തിന്റെ പേരിൽ മറെറാരു സമരത്തിലേയ്ക്കു് ജീവനക്കാരെ തള്ളി വിടരുത്. ശമ്പളപരിഷ്ക്കാരത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുക, കരിനിയമങ്ങൾ റദ്ദുചെയ്യുക തുടങ്ങിയ ആവശ്യങ്ങളാണ് നടപ്പിലാക്കാനുള്ളത്.

## യു. ജി. സി. സ്കെയിൽ

ഇക്കാര്യത്തിൽ കേരളസർക്കാരിന് മറെറല്ലാ സംസ്ഥാനങ്ങളിൽ നിന്നും ഒററപ്പെട്ട ഒരു തുരുത്തായി നിലനിൽക്കാൻ ഏറെനാൾ പററില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തെ ദേശീയമായ കാഴ്ചപ്പാടുമായി ബന്ധപ്പെട്ടിരിക്കുന്ന യു ജി. സി സ്കെയിൽ കേരളത്തിൽ അനുവദിക്കുന്നതു സംബന്ധിച്ചുളള ചർച്ചകൾ എത്രയും പെട്ടെന്നു തന്നെ സർക്കാർ ആരംഭിക്കണം.

## പ്രവർത്തകക്യാമ്പ് ചരൽക്കുന്നിൽ

